# ഹൃദയനിലങ്ങൾ

**മത്തായി 13:1-9,18-23**

വിതക്കാരന്റെ ഉപമയും ഈശോ തന്നെ അതിനു നല്കുന്ന വിശദീകരണവും ആണല്ലോ ഇന്നത്തെ സുവിശേഷ പ്രതിപാദ്യം. ഈശോയുടെ തന്നെ വിശദീകരണമുള്ള ഉപമകളിൽ ഒന്നാണല്ലോ ഇത്. നല്ല നിലത്തുവീണ വിത്ത് നൂറും അറുപതും മുപ്പതും മേനി വിളവു നല്കി എന്നിടത്താണ് ഉപമ പറഞ്ഞ നാഥൻ തന്റെ ലക്ഷ്യം കാണുന്നത്.

വിത്ത് വിളവു നല്കാത്തതിനുത്തരവാദിത്വം ആർക്ക് എന്ന ചോദ്യത്തിന് ഉത്തരം ആണല്ലോ സുവിശേഷ വിശദീകരണം. ഫലസാദ്ധ്യതയില്ലാത്തിടത്തുള്ള വിത്തിറക്കം വിതക്കാരന്റെ പിടിപ്പുകേട് എന്ന് ഉപമ കേൾക്കുമ്പോൾ തോന്നാമെങ്കിലും വിശദീകരണം ശ്രവിക്കുമ്പോൾ കേൾവിക്കാരൻത്തന്നെ വിലയിരുത്തേണ്ട അവസ്ഥയിലാകുന്നു. മനസ്സുണ്ടെങ്കിൽ വചനനുശ്രുതം ഫലം പുറപ്പെടുവിക്കാൻ സാധിക്കും എന്ന് വ്യക്തമാണ്. . കേൾക്കാൻ ചെവി ഉള്ളവൻ കേൾകട്ടെ എന്ന് ഈശോ പഠിപ്പിക്കലിന് ശേഷം ആഹ്വാനം ചെയ്യുന്നതിന്റെ പൊരുൾ മറ്റൊന്നല്ല. വചനം അതിൽത്തന്നെ ഫലധയകം ആണല്ലോ. മനുഷ്യഹൃദയവും വചനം ഉൾകൊള്ളുവാനും ഫലം പുറപ്പെടുവിക്കാനും പാകത്തിനാണ് രൂപകല്പന ചെയ്യപ്പെട്ടിട്ടുള്ളതാണത്രെ എന്നിട്ടും ഹൃദയം വിളവു നല്കുന്നില്ലെങ്കിൽ അതിനു കാരണം മനസ്സില്ലാത്തതുകൊണ്ടാണെന്ന് വ്യക്തം.

പാദയോരം സംരക്ഷണം ഇല്ലാത്ത ഇടം ആണല്ലോ. ആർക്കും എന്തിനും പ്രവേശിക്കാവുന്ന അത്തരം സ്ഥലങ്ങൾക്ക് തുല്യം ഹൃദയം സൂക്ഷിച്ചാലുള്ള ഫലം സമേ്വദനക്ഷമത നഷ്ടപ്പെട്ടുപോകുന്നു എന്നതാണ്. അവനു വചനം കേട്ടിട്ട് മനസ്സിലാകുന്നില്ല എന്നാണല്ലോ ഈശോ അത്തരം ശ്രോദാക്കളെക്കുറിച്ച് പറയുന്നത് (വാക്യം 19). ദൈവവചനമെന്നോ മനുഷ്യ വചനമെന്നോ നന്മയെന്നോ തിന്മയെന്നോ തിരിച്ചറിയാൻ പറ്റാത്ത അവസ്ഥ. അതുകൊണ്ടുതന്നെ ദുഷ്ട്ടനിൽനിന്നും വചനസുഖം എടുത്തുമാറ്റാൻ വളരെ എളുപ്പമാണല്ലോ. എടുത്തുമാറ്റുമ്പോൾ അത് നഷ്ടമായി ഒരുവന് തോന്നുകയുമില്ല.

വചനം കേൾക്കുമ്പോൾ ഹൃദയത്തെ സ്പര്ശിക്കുന്നില്ലെങ്കിൽ അതു സ്വീകരിക്കാന്, ഒന്നു ജീവിതത്തിലേക്ക് പിന്തിരിഞ്ഞുനോക്കുവാൻ നമുക്കാകുന്നില്ലെങ്കിൽ സംശയിക്കേണ്ട; ഈ വചന ഭാഗം നമ്മെക്കുറിച്ചുള്ള വെളിപ്പെടുത്തൽ തന്നെയാണ്. പുറം ലോകത്തിനു ഹൃദയ കവാടങ്ങൾ അടച്ചു ദൈവസന്നിധിയിൽ കൃപയ്ക്കായി കാത്തിരിക്കുമ്പോൾ ഒരു കൊച്ചുതലോടൽ പോലുള്ള അവിടുത്തെ സ്നേഹ സ്പർശം അനുഭവിക്കാനുള്ള സമേ്വദനക്ഷമത നമുക്കു

നൽകപ്പെടും; പശ്ചാത്താപത്തിന്റെ ചുടുകണ്ണീർ വീണല്ലോ ഹൃദയനിലങ്ങൾ നനവുള്ളതാകുകയും ചെയ്യുന്നത്.

വൈകാരികതലത്തിൽ മാത്രംവചനത്തെ സ്വീകരിക്കുന്നവരെക്കുറിച്ചാണല്ലോ മണ്ണധികമില്ലാത്ത പാറപ്പുറമെന്ന് ഈശോ വിവക്ഷിക്കുന്നത്. വചനം താല്ക്കലികഉണർവും ഏതാനും വികാരാനുഭൂതികളും മാത്രമുണ്ടാക്കി കടന്നുപോകുന്നുവെങ്കിൽ ഈശോ ഈ വചനഭാഗത്ത്നമ്മുടെ അവസ്ഥയിൽ ശ്രദ്ധവച്ചിരിക്കുന്നു എന്നറിയുക. അടയാളങ്ങളും അദ്ഭുതങ്ങളും കാണുന്നതിൽ തല്പരരായിരിക്കുകയുംവചനം ജീവിക്കുന്നതിൽ വിമുഖരായിരിക്കുകയും ചെയ്യുന്നവർ വചനം പ്രദാനം ചെയ്യുന്ന ദൈവാനുഭവംനഷ്ടമാക്കിക്കളയുന്നു. ക്േളശങ്ങളും പീഡകളും ഉണ്ടാകുമ്പോൾ അവർ വീണുപോകുന്നത് തല്ക്ഷണമത്രേ(വാക്യം.21).മത്സരവിധേയമാക്കപ്പെട്ടതും ഇടുങ്ങിയ വഴികളിലൂടെ പ്രവേശിക്കേണ്ടതുമായ ദൈവരാജ്യം ഈ അവസ്ഥയിൽ നമ്മിൽനിന്നുംവളരെ ദൂരെയാണ്. ദൈവസ്േനഹ നീർച്ചാലുകൾ ഒഴുകിയിരങ്ങിയാൽ കുതിർന്ന് പൊടിയാത്ത പാറകളില്ലല്ലോ.

നിന്റെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിന്റെ ഹൃദയവും എന്നു പഠിപ്പിച്ച ഈശോ ലൌകികതയിലും ധനത്തിലും ആശ്രയം വച്ചിരിക്കുന്നവർ നഷ്ടപ്പെടുത്തുന്നത് കള്ളൻ മോഷ്ടിക്കാത്തതും കീടങ്ങൾ നശിപ്പിക്കാത്തതുമായ അക്ഷയരാജ്യമാണെന്ന് ഓർമ്മപ്പെടുത്തുന്നു. ദൈവത്തെയും സമ്പത്തിനെയും ഒരുമിച്ച് ശുശ്രൂക്ഷിക്കാനാവില്ല. വചനജീവിതത്തിൽ; വളർച്ചയിൽ സമ്പത്തും ലൌകികവ്യഗ്രതയും മുള്ളുകളാകാതെ നോക്കണം(വാക്യം.22). ധനികൻ ദൈവരാജ്യത്തിൽ പ്രവേശിക്കുക ദുഷ്കരം എന്നു അഭിപ്രായപ്പെട്ട ഈശോ ദൈവരാജ്യത്തിന്റെ സാമ്പത്തികശാസ്ത്രം കൊണ്ട് ; ശുന്യവത്കരണത്തിന്റെ മനസ്സുകൊണ്ട് വചനജീവിതത്തിലേക്ക് നമ്മെ ക്ഷണിക്കുന്നു.

നല്ലനിലത്തെക്കുറിച്ച് വിശദീകരിക്കുവാൻ ഈശോയ്ക്ക് ഒറ്റ വിശേഷണമേയുള്ളൂ; "വചനം കേട്ട് ഗ്രഹിക്കുന്നവൻ". കേൾവിയുടെ തലത്തിൽനിന്നും വൈകാരികാനുഭവങ്ങളിൽനിന്നും പ്രതികൂലാവസ്ഥകളിൽനിന്നും മുന്നോട്ടുപോകുന്നവനാണ് രാജ്യത്തിന്റെ വിളവുനല്കുന്നത്. ഈ 'ഓട്ടം' പൂർത്തീകരിക്കുന്നതനുസരിച്ച് വിലയിരുത്തപ്പെടും. ഗ്രഹിക്കുന്നവർക്ക് മാതൃകയാണ് പ. കന്യകാമറിയം. ഗ്രഹിച്ചു വളരുന്നവർ കുരിശിഞ്ചുവട്ടിലും തളരില്ല. അവരുടെ സാന്നിദ്ധ്യം മറ്റുള്ളവർക്ക് പന്തക്കുസ്താനുഭവങ്ങളാകും. ക്ഷീണിതർ അവരെനോക്കുമ്പോൾ പ്രത്യാശയുള്ളവരാകും. "ചെവിയുള്ളവൻ കേൾക്കട്ടെ".

Fr. Thom Kizhakkedath – Palghat Diocese

www.sundaypulpit.in